ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) കട്ടനാട് പാക്കേജിൻ പ്രകാരമാണ് 'ഫിർമ' മുഖേന ഇതിനുമുമ്പ് പോളവാരൽ നടപ്പാക്കിയിരുന്നത്. പാക്കേജിന്റെ കാലാവധി അവസാനിച്ചതിനാൽ പോളവാരൽ പുനരാരംഭിക്കുന്നതിന് ഫിഷറീസ് വകുപ്പിന് ഫണ്ട് ലഭ്യമല്ല.

കേരള അക്വേറിയം റിഫോംസ് ആക്ട്

130 (2949) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച കേരള അക്വേറിയം റിഫോംസ് ആക്ടിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആക്ടിന്റെ അംഗീകാരത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന വിശദമാക്കുമോ ?

ഉത്തരം

(എ) കേരള അക്വേറിയം റിഫോംസ് ആക്ടിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) 2010-ൽ തയ്യാറാക്കിയ പ്രസ്തുത ബില്ലിന്റെ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വനാമി ചെമ്മീൻ കൃഷി

131 (2950) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്ത് നിന്നും ഇറക്കുമതി ചെയ്ത വനാമി എന്ന ഇനം ചെമ്മീൻ കൃഷി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് പ്രാഥമികമായി പ്രസ്തുത ചെമ്മീൻ കൃഷി നടത്തിയതെന്നുള്ള വിശദാംശം അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ കൃഷി ചെയ്യുവരുന്ന ചെമ്മീൻ ഇനങ്ങളിൽ നിന്നും വനാമി ചെമ്മീനിനുള്ള പ്രത്യേക ഗുണങ്ങളും ദോഷങ്ങളും എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ഡി) വനാമി ചെമ്മീൻ കൃഷി നടത്തുന്നതിന് എന്തൊക്കെ നിയന്ത്രണങ്ങളാണ് നിലവിലുള്ളത് ; ഇതിന് പ്രത്യേക ലൈസൻസ് ആവശ്യമുണ്ടോ ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ;

(ഇ) പ്രസ്തുത ചെമ്മീൻ കൃഷി സംസ്ഥാനത്ത് വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരളത്തിൽ എറണാകുളം ജില്ലയിൽ KUFOS-ന്റെ നിയന്ത്രണത്തിലുള്ള പുതുവൈപ്പിനിലുള്ള ഫിഷറീസ് സ്റ്റേഷനിൽ 0.4 ഹെക്ടർ സ്ഥലത്ത് വനാമി ചെമ്മീൻ കൃഷി ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ അഡാക്ക് മുഖേന തൃശ്ശൂർ ജില്ലയിലുള്ള പൊയ്യ ഫാമിൽ 2 ഹെക്ടർ സ്ഥലത്ത് വനാമി ചെമ്മീൻ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വനാമി ചെമ്മീൻ കൃഷിയുടെ ഗുണങ്ങൾ ചുവടെ ചേർക്കുന്നു :

1. താരതമ്യേന ഉയർന്ന വളർച്ചാ നിരക്കും ഉയർന്ന കയറ്റുമതി സാദ്ധ്യതയും കമ്പോളത്തിൽ നല്ല പ്രിയവുമുള്ളതിനാൽ ഉയർന്ന വില ലഭിക്കുന്നു

2. കടൽ ജലത്തിലും ഉപ്പിന്റെ അംശം നന്നേ കുറഞ്ഞ ഉൾനാടൻ പ്രദേശങ്ങളിലും കൃഷി ചെയ്യാം.

3. താരതമ്യേന വളരെ ഉയർന്ന സാന്ദ്രതയിൽ (stocking density) ഉയർന്ന അതിജീവനനിരക്ക് ലഭിക്കുന്നു. ആയതിനാൽ കുറഞ്ഞ വിസ്തൃതിയിൽ നിന്നും വളരെ ഉയർന്ന ഉത്പാദനം സാദ്ധ്യമാണ്.

4. എല്ലാ കാലയളവിലും വിത്ത് ലഭ്യമാണ്. ഗുണനിലവാരം സാക്ഷ്യപ്പെടുത്തിയ പ്രത്യേക രോഗവിമുക്ത വിത്ത് (Specefic Pathogen Free Seed) ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വനാമി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന ഫാം കോസ്റ്റൽ അക്വാകൾച്ചർ അതോറിറ്റിയിൽ (CAA) രജിസ്റ്റർ ചെയ്യേണ്ടതും ലൈസൻസ് ലഭിച്ചിരിക്കേണ്ടതുമാണ്. രോഗ വിമുക്ത വനാമി വിത്തുകൾ CAA-യുടെ അനുവാദത്തോടുകൂടി ലഭ്യമാക്കേണ്ടതാണ്. വനാമി കൃഷി ചെയ്യുന്ന കുളങ്ങളിൽ നിന്നുള്ള ജലം പുറത്തേക്ക് നദികളിലോ മറ്റ് ജലാശയങ്ങളിലേക്കോ ഇറന്ന് വിടുന്നതിന് മുമ്പായി ശുദ്ധീകരിക്കേണ്ടതുണ്ട്. അതിനായി എഫ്ളുവന്റ് ട്രീറ്റ്മെന്റ് പോണ്ടുകൾ സജ്ജീകരിക്കേണ്ടതുണ്ട്. അതുപോലെ റിസർവ്വോയർ കുളങ്ങളും ആവശ്യമാണ്. തദ്ദേശീയ ഇനത്തിൽപ്പെട്ട ചെമ്മീൻ (ഉദാ: കാരച്ചെമ്മീൻ) കൃഷി യൂണിറ്റുകൾ തൊട്ടടുത്ത് പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ വനാമി ചെമ്മീൻ കൃഷി ചെയ്യാൻ പാടില്ല. വനാമി കൃഷി ചെയ്യുന്ന ഫാമുകൾ ഫെൻസിംഗ് ചെയ്യേണ്ടതാണ്. പക്ഷികൾ ഫാമിൽ കടക്കാതിരിക്കാൻ വലയിടേണ്ടതാണ്. ഓരോ കുളത്തിനും പ്രത്യേകം ഫാമിംഗ് ഉപകരണങ്ങൾ ഉപയോഗിക്കേണ്ടതാണ്.

(ഇ) അഡാക്കിന്റെ പൊയ്യാ ഫാമിൽ 2 ഹെക്ടർ വിസ്തൃതിയിൽ വനാമി ചെമ്മീൻ കൃഷി പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിളവെടുപ്പ് കഴിഞ്ഞ് ലാഭവിഹിതം കണക്കാക്കിയാൽ മാത്രമേ ടി കൃഷി വ്യാപകമാക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ കഴിയുകയുള്ളൂ.

മത്സ്യസമൃദ്ധി പദ്ധതി

132 (2951) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മത്സ്യ സമൃദ്ധി പദ്ധതി നിലവിൽ വന്നതിനുശേഷം നേരത്തെ മത്സ്യകൃഷിക്ക് ഉപയോഗിക്കാതിരുന്ന എത്ര ഹെക്ടറിൽ മത്സ്യകൃഷി ആരംഭിച്ചിട്ടുണ്ടെന്ന് ഓരോ ജലം, ശുദ്ധജലം എന്നിവ തിരിച്ചുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

മത്സ്യസമൃദ്ധി പദ്ധതി നിലവിൽ വരുന്നതിനുമുമ്പ് എഫ്.എഫ്.ഡി.എ. വഴി മാത്രം 3342.15 ഹെക്ടർ ഏരിയയിൽ ശുദ്ധജല/ഓരുജല മത്സ്യകൃഷി നടപ്പിലാക്കിയിരുന്നു. എന്നാൽ മത്സ്യസമൃദ്ധി പദ്ധതി വഴി 12717.065 ഹെക്ടർ ഏരിയയിൽ മത്സ്യകൃഷി ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ കുളങ്ങൾ/ടാങ്കുകൾ/ഫിഷ് ഫാമുകൾ എന്നിവയിൽ (ശുദ്ധജലാശയത്തിലും ഓരു ജലാശയത്തിലും) മത്സ്യ/ചെമ്മീൻ കൃഷി എഫ്.എഫ്.ഡി.എ.

LIBRARY ARCHIVES Kerala Legislative Assembly